"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4135 മറുപടിയ്ക്ക് 24.06.2019 ൽ

## സാമൂഹ്യവനവത്ക്കരണ പദ്ധതികൾ

| ചോദ്യം<br>ശ്രീ. പി.കെ. ബഷീർ | | ഉത്തരം<br>ശ്രീ.കെ.രാജു<br>( വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സാമൂഹ്യവനവൽക്കരണ വിഭാഗം വനത്തിനുപുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിലേക്കായി ഹരിതകേരളം , സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം , വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ലി, പുഴയോരസംരക്ഷണം, Institutional Plantation, തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ലോകപരിസ്ഥിതി ദിനമായ ജൂൺ 5 നോട് അനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തു വരുന്നു. കൂടാതെ പാതയോരങ്ങളിലും, വനത്തിനുപുറത്തുള്ള പൊതു സ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ , സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ സഹായ സഹകരണത്തോടെ സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളം തൈകൾ എന്നിവ വച്ചു പിടിപ്പിച്ച് പരിപാലിച്ചു പോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനും കാവുകളുടെയും, കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. ഇതിനുപുറമെ വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസ്സുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ, വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, സ്കൂൾ കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള സഹായം, പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾ സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേക്ഷണം നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങളെയും<br><br>വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണം, വനം വന്യജീവി സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി അരണ്യം മാസിക പ്രസിദ്ധീകരിച്ചുവരുന്നു. |

<table>
<tr>
<td>(ബി)</td>
<td>2016-19 കാലയളവിൽ പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ച ബജറ്റ് വിഹിതം, ഓരോ വർഷവും ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം നൽകുമോ;</td>
<td>(ബി)</td>
<td>2016-19 കാലയളവിൽ പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ച ബജറ്റ് വിഹിതം, ഓരോ വർഷവും ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>
<table>
<tr><td>വർഷം</td><td>പദ്ധതി വിഹിതം (ലക്ഷത്തിൽ)</td><td>ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ)</td></tr>
<tr><td>2016-2017</td><td>1400.00</td><td>1396.78</td></tr>
<tr><td>2017-2018</td><td>1400.00</td><td>1398.91</td></tr>
<tr><td>2018-2019</td><td>1115.00</td><td>1103.27</td></tr>
<tr><td>2019-2020 2019 ഏപ്രിൽ മുതൽ 2019 മെയ് 31 വരെ)</td><td>1400.00</td><td>427.23</td></tr>
<tr><td>ആകെ</td><td>5315.10</td><td>4326.19</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികളുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | സാമൂഹ്യവനവൽക്കരണ വിഭാഗം വനത്തിനുപുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ജൈവവൈവിധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് സോഷ്യൽ ഫോറസ്ട്രി വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വനേതരപ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹിക വനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്. പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ വനം വകുപ്പ് വിവിധ പദ്ധതികൾ മുഖേന വിതരണം ചെയ്യുന്ന വൃക്ഷത്തൈകളിൽ ഗണ്യമായ അതിജീവനം കണ്ടുവരുന്നുണ്ട്. 2005 ൽ KFRI പീച്ചി നടത്തിയ വുഡ്-ബാലൻസ് സ്റ്റഡി റിപ്പോർട്ടിൽ കേരളത്തിൽ ഗൃഹാവശ്യത്തിനായുള്ള തടിയുടെ 74.90% വനേതര ഭൂമിയിൽ നിന്നുമാണ് ലഭ്യമാകുന്നത് എന്നും കണ്ടെത്തിയിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എല്ലാം തന്നെ ഫലപ്രദവും തൻമൂലം വൃക്ഷസമ്പത്ത് വർദ്ധിക്കാനിടയായിട്ടുമുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm വർദ്ധനവ് ഉണ്ടായി എന്ന് ഫോറസ്റ്റ് സർവെ ഓഫ് ഇൻഡ്യയുടെ 2017 ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ചൂണ്ടി കാണിക്കുന്നത് സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ വിവിധ വൃക്ഷവൽക്കരണ പരിപാടികളുടെ വിജയമാണ്. |
| (ഡി) | പദ്ധതികളുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടു പിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പ് വരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ,വനം വകുപ്പ്, മറ്റു വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തി വരുന്നുണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | വകുപ്പും, ഉന്നതവിദ്യാഭ്യാസ വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി,വിദ്യാർത്ഥി പ്രധിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം<br><br>ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, ,സ്കൂൾ ഹെഡ്മാസ്റ്റർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗ ങ്ങളായ 15- ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും, വിലയിരുത്തുന്നതിനും, അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചി രിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ<br><br>സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽഫോറസ്റ്റി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.<br><br>2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെഅതിജീവന ശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് |

| | | | |
|---|---|---|---|
| | | | വിഭാഗത്തിന്റെ സഹകരണത്തോട് കൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ